LIBRARY ARCHIVES Kerala Legislative Assembly

സോഷ്യോ-ഇക്കണോമിക് ആന്റ് കാസ്റ്റ് സെൻസസ്

39 (3241) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഷ്യോ, ഇക്കണോമിക് & കാസ്റ്റ് സെൻസസ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. , എ.പി.എൽ. കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സെൻസസ് പ്രകാരം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ജാതി പ്രസിദ്ധപ്പെടുത്തുകയില്ല എന്ന ഉറപ്പിന്മേലാണ് സെൻസസിന് പൊതുജനങ്ങളിൽ നിന്ന് ആവശ്യമായ വിവരശേഖരണം നടത്തിയിട്ടുള്ളത്. ആയതിനാൽ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് സംബന്ധിച്ച ജാതി ഒഴികെയുള്ള വിവരങ്ങൾ Secc2011.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2009 ബി.പി.എൽ. സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച പട്ടിക പ്രകാരം സംസ്ഥാനത്ത് 32,29,823 ബി.പി.എൽ. കുടുംബങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെയും ഉൾപ്പെടുത്തിയാണ് എസ്.ഇ.സി.സി.-2011 പ്രസിദ്ധീകരിച്ചിരിക്കുന്നത്.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് ഈ പട്ടികയിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവരുന്നു.